# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5303** 02.07.2013 -ൽ മറുപടിക്ക്

## 'കലവറ'യിലെ ഭവന നിർമ്മാണ സാമഗ്രികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.എ.അസീസ് | | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ കലവറകൾ എവിടങ്ങളിലൊക്കെയാണ് പ്രവർത്തിക്കുന്നത് ; | (എ) | നിലവിൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ 9 കലവറകൾ പ്രവർത്തിച്ചുവരുന്നുണ്ട്.<br>കാരോട്, വട്ടിയൂർക്കാവ് - തിരുവനന്തപുരം ജില്ല<br>കല്ലുവാതുക്കൽ - കൊല്ലം<br>അടൂർ - പത്തനംതിട്ട<br>പാല - കോട്ടയം<br>എറണാകുളം -എറണാകുളം<br>പാലക്കാട് - പാലക്കാട്<br>ചിറ്റൂർ - പാലക്കാട്<br>കോഴിക്കോട് - കോഴിക്കോട്<br>അതുകൂടാതെ താഴെപ്പറയുന്ന ജില്ലകളിൽ ജില്ലാ നിർമ്മിതി കേന്ദ്രത്തിന്റെ കീഴിലും കലവറകൾ പ്രവർത്തിച്ചുവരുന്നു.<br>കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ്. |
| (ബി) കലവറയിലൂടെ ഏതൊക്കെ സാധനസാമഗ്രികളാണ് പൊതുജനങ്ങൾക്ക് ഭവന നിർമ്മാണത്തിനായി ലഭിക്കുക; ഓരോന്നിന്റെയും വില്പന വില, പൊതു നിരക്കുമായി താരതമ്യം ചെയ്ത് വ്യക്തമാക്കുമോ ; | (ബി) | കലവറയിൽ നിന്നും സിമന്റ്, കമ്പി, മണൽ എന്നിവയാണ് പൊതുജനങ്ങൾക്ക് ലഭിക്കുന്നത്. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിലുള്ള കലവറയിൽ നിന്നു മാത്രമാണ് ബി.പി.എൽ ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിന് സൗജന്യനിരക്കിൽ കമ്പി, സിമെന്റ് എന്നിവ നൽകി വരുന്നത്. അതിന്റെ വില്പന വില പൊതു വിപണിയിലെ വിലയ്ക്ക് അനുസൃതമായി മാറ്റുന്നതാണ്. നിർമ്മിതിയ്ക്ക് ലഭിക്കുന്ന വിലയിൽ നിന്നും പരമാവധി 15% വില |

കുറച്ചാണ് സിമന്റ്, കമ്പി തുടങ്ങിയവ ബി.പി.എൽ ഗുണഭോക്താക്കൾക്ക് നൽകി വരുന്നത്.

നിലവിലെ വില്പന വില പൊതുവിപണിയിലെ വില എന്നിവ താഴെപറയും പ്രകാരമാണ്.

| | കലവറയിലെ വില്പന വില | പൊതുവിപണിയിലെ വില |
|---|---|---|
| കമ്പി | 43 രൂപ 1 കിലോ | 48 രൂപ 1 കിലോ |
| സിമന്റ് | 290 രൂപ 1 ബാഗ് | 350 രൂപ 1 ബാഗ് |

റവന്യൂ പോലീസ് വകുപ്പുകൾ പിടിച്ചെടുക്കുന്ന മണലാണ് കലവറയിൽ നിന്നും ലഭിക്കുന്നത്. 20.06.09-ലെ ജി.ഒ (എം.എസ്) നം.227/09 ആർ.ഡി. പ്രകാരമുള്ള മണലിന്റെ ഗുണനിലവാരമനുസരിച്ചാണ് വില്പന വില നിശ്ചയിക്കുന്നത്. ഒരു ക്യൂബിക് അടി മണലിന് ഗുണനിലവാരം അനുസരിച്ച് 20 രൂപ മുതൽ 30 രൂപ വരെയുള്ള നിരക്കിലാണ് കലവറയിൽ നിന്നും സാധാരണ നിലയിൽ വിതരണം ചെയ്യുന്നത്. പൊതു വിപണിയിൽ ഇതിന് 100 രൂപയിൽ അധികം വിലയുണ്ട്.

(സി) എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ പൊതുജനങ്ങൾക്ക് കലവറയിൽ നിന്നും നിർമ്മാണ സാമഗ്രികൾ ലഭ്യമാകുമോ എന്ന് വ്യക്തമാക്കുമോ;

(സി) 2000 ചതുരശ്ര അടിയിൽ താഴെ തറവിസ്തീർണ്ണം ഉള്ള വീടുകൾ നിർമ്മിക്കുന്ന ആളുകൾക്ക് കലവറകളിൽ നിന്നും സാമഗ്രികൾ ലഭിക്കുന്നതാണ്. എന്നാൽ 600 ചതുരശ്ര അടി വരെ തറവിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുന്ന ബി.പി.എൽ ഗുണഭോക്താക്കൾക്ക് കലവറയിൽ നിന്നും സിമന്റ്, കമ്പി എന്നിവ നൽകുമ്പോൾ പൊതുവിപണിയിലെ വിലയേക്കാൾ 15% വരെ വിലകുറവാണ്.

(ഡി) പൊതുജനങ്ങൾക്ക് കലവറയിൽ നിന്നും നിർമ്മാണ സാമഗ്രികൾ ലഭിക്കുന്നതിന് ആവശ്യമായ നടപടിക്രമം വ്യക്തമാക്കുമോ?

(ഡി) 2000 ചതുരശ്ര അടിയിൽ താഴെ തറ വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുന്നവരായിരിക്കണം. നിർമ്മിക്കുന്ന വീടിന്റെ രൂപരേഖ, അത് അംഗീകരിക്കുന്ന അധികൃതരുടെ സർട്ടിഫിക്കറ്റ്, ബി.പി.എൽ വിഭാഗത്തിലുള്ള വ്യക്തികൾ ആണെങ്കിൽ അതു തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, സർക്കാരിന്റെ പദ്ധതിയിൽ ഉൾപ്പെട്ട ഭവന

നിർമ്മാണങ്ങൾ ആണെങ്കിൽ അത് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ/ സർട്ടിഫിക്കറ്റ്, വ്യക്തിയുടെ തിരിച്ചറിയൽ രേഖ എന്നിവ ഹാജരാക്കേണ്ടതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന രേഖകൾ സഹിതം അപേക്ഷിക്കുന്നവർക്ക് തുക നൽകുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിൽ സാമഗ്രികൾ നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ